
ഹേമമാലിനി എം.

# ഉറൂബിന്റെ കൈയൊപ്പ്

ഉറൂബിന്റെ ഇതിഹാസ നോവലിനും നോവൽ ഇതിഹാസത്തിനും ശേഷമെഴുതിയ നോവലാണ് 'മിണ്ടാപ്പെണ്ണ്'. ചരിത്രം ഇതിഹാസമാകന്ന 'സുന്ദരികളും സുന്ദരന്മാരും' എന്ന കൃതിക്കും മനുഷ്യമനസ്സുകളുടെ സങ്കീർണ സഞ്ചാരപഥങ്ങൾ വരഞ്ഞിട്ട 'ഉമ്മാച്ചു'വിനും മുമ്പേ ഉറൂബ് 'മിണ്ടാപ്പെണ്ണ്' എഴുതാനാരംഭിച്ചിരുന്നു. പക്ഷേ പൂർണമാകുന്നത് വർഷങ്ങൾക്കുശേഷമാണെന്നു മാത്രം. ഇവയ്ക്കെല്ലാം ശേഷം 'ചർച്ച ചെയ്യാൻ മാത്രമുള്ള' ലാളിത്യത്തോടെ എങ്ങനെ ഇതുപോലൊരു നോവലെഴുതാനായി എന്നത് ഒരൽഭുതമാണെങ്കിലും ഉറൂബിന്റെ കൈയൊപ്പുകൾ കൃത്യമായി പതിഞ്ഞു കിടക്കുന്ന ഒരു നോവൽ തന്നെയാണ് 'മിണ്ടാപ്പെണ്ണ്.' കഥയിലൊതുങ്ങാത്തതുകൊണ്ടാണത്രേ ഉറൂബ് 'മിണ്ടാപ്പെണ്ണിനെ' നോവലാക്കിയത്. ശക്തിയോടൊപ്പം ബുദ്ധിയും ചേർന്ന ചില മിണ്ടാപ്പെണ്ണുങ്ങളെ കണ്ടിട്ടുണ്ട്. വേദനകൾ ഭക്ഷിച്ച് കരുത്തു നേടുന്ന അത്തരം ജീവികളുടെ പ്രതികാരം പോലും തോജോമയമാണ് എന്ന മുന്നുരയോടെയാണ് ഉറൂബ് 'മിണ്ടാപ്പെണ്ണി'നെ പരിചയപ്പെടുത്തുന്നത്.



ദേശീയ പ്രസ്ഥാനവും പുരോഗമന സാഹിത്യ പ്രസ്ഥാനമുയർത്തിയ തീക്ഷ്ണതകളും നിറഞ്ഞ ഒരു കാലത്തിലാണ് ഉറൂബും എഴുതുന്നത്. തകഴി, ദേവ് എന്നു തുടങ്ങി ബഷീർ, പൊറ്റെക്കാട്ട് എന്നു സാമാന്യ ആവൃത്തിയിൽ പൂർത്തിയാക്കിയിരുന്ന ആ പ്രസ്ഥാനത്തിന്റെ കളങ്ങളിലൊതുങ്ങാത്ത എഴുത്തും എഴുത്തുകാരും ഉണ്ടായിരുന്നു. ആശയവൈപരീത്യമല്ല, കളങ്ങളുടെ വൈപുല്യരാഹിത്യമായിരിക്കണം ഉറൂബിനെപ്പോലെ ഹ്യൂമനിസ്റ്റായ ഒരെഴുത്തുകാരനെ ആ പ്രസ്ഥാനത്തിന്റെ മുൻനിര എഴുത്തുകാരിൽ നിന്നും മാറ്റിനിർത്തിയത്. ഇതു കേവലം വായനക്കാരുടെ നിരീക്ഷണമോ മൂല്യനിർണയമോ അല്ല. ഉറൂബ് സ്വയം മുൻനിരയിൽ നിന്ന് മാറിനിൽക്കുക തന്നെയാണ് ചെയ്തിട്ടുള്ളത്. പൊറ്റെക്കാട്ടിന് എഴുതിയ കത്തിൽ ഇതേക്കുറിച്ച് ഉറൂബ് പറയുന്നു: "പുരോഗമന സാഹിത്യത്തിന്റെ കൊടിക്കൂറതാങ്കൾ വളരെയധികം ബുദ്ധിപൂർവവും പരിശുദ്ധവുമായ അന്തരീക്ഷത്തിലേക്ക് ഉയർത്തിയതു കണ്ട് ഞാൻ സന്തോഷിക്കുന്നു. ഞാൻ എങ്കിലും ഒരു മാർഗം കൂടലിന് അഥവാ ഒരു 'ജ്ഞാനസ്നാന'ത്തിന് മടിച്ചു നിൽക്കുകയാണ്."

ഈ എഴുത്തുകാരിൽ ബഷീറിനെ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന ഉറൂബ് എവിടെവച്ചാണ് വഴിപിരിയുന്നത് എന്നത് സൂക്ഷ്മമായ ശ്രദ്ധ ആവശ്യപ്പെടുന്നു. റിയലിസത്തിലോ നാചുറലിസത്തിലോ അധിഷ്ഠിതമായ ഒരെഴുത്തുകാരന്റെ കഥാപാത്രങ്ങളെപ്പോലെ ജീവിതത്തിൽ നിന്ന് നേരിട്ടു കയറിവരുന്നവരല്ല ഉറൂബിന്റെ കഥാപാത്രങ്ങൾ, മറിച്ച് അവരെ ഉറൂബ് മിനുക്കിയെടുത്ത് തന്റെ ആത്മാംശം കയറ്റിവിട്ട് ചൈതന്യമുള്ളവരാക്കുന്നു എന്ന് എം. അച്യുതൻ ഈ വ്യതിരിക്തത നിരീക്ഷിച്ചിട്ടുണ്ട്. ഏതു കാലത്തും ഉറൂബിനെ വായിച്ചു തുടങ്ങുന്നതും അവസാനിക്കുന്നതും 'നന്മ' എന്ന കുഞ്ഞുവാക്കിൽ ചുറ്റിപ്പറ്റിയാണ്. ഒരു അപനിർമാണത്തിനും തകർക്കാനാവാത്ത അനിഷേധ്യമായ ഒരു യാഥാർഥ്യമായി ഉറൂബിന്റെ കഥകൾ, കഥാപാത്രങ്ങൾ നന്മയാൽ പൂരിതമായി നിലനിൽക്കുന്നു. അങ്ങനെ ഏതു തെറ്റിനോടും ഏതു ക്രൂരതയോടും അതു വരുത്തിത്തീർക്കുന്നത് മർദക വിഭാഗമായാലും ശരി, പൊറുക്കാനാകുന്നതുകൊണ്ടാകാം ചൂഷണങ്ങളെ എതിർക്കുന്ന പ്രസ്ഥാനത്തിന്റെ പരിധിക്കകത്തു കണിശമായി തന്റെ എഴുത്തുകളെ അടുക്കിവയ്ക്കാൻ അദ്ദേഹത്തിനു കഴിയാതിരുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരു മുഴക്കോലിനും അങ്കനപ്പെടുത്താനാകാത്തവിധം അത്രയും അഗാധമായ സ്നേഹാനുഭവങ്ങളും ഹൃദയാർദ്രതയും സാന്ദ്രമാകുന്നതുകൊണ്ടാണ് ഈ എഴുത്തുകാലത്തെ ഏവരുമുൾപ്പെടുന്ന കളങ്ങളിൽ നിന്ന് ഉറൂബ് വേറിട്ടു നിന്നത്. മാധവിക്കുട്ടിയുടെ എഴുത്തിനും ഇതു തന്നെയാണ് സംഭവിക്കുന്നത്. രണ്ടു പേരുടെയും രചനകളെ ഏതു കാലത്തും നിയന്ത്രിക്കുന്നതും നിർവചിക്കുന്നതും സ്നേഹം/നന്മ എന്ന ഒറ്റയൊറ്റ ആദർശങ്ങളായിരുന്നു. വായനക്കാരെ അതനുഭവിപ്പിക്കുക എന്നതു മാത്രമായിരുന്നു എഴുത്തുകാരനെന്ന നിലയിൽ ഉറൂബിന്റെ ലക്ഷ്യവും മാർഗവും. "അനുഭവിപ്പിക്കുന്നതാകണം സാഹിത്യം. വായനക്കാരിൽ സഹാനുഭൂതി ഉണ്ടാക്കാൻ ശക്തമാകണം. അല്ലാതെ പറഞ്ഞുകൊടുക്കുന്ന സാഹിത്യത്തിന് ആയുസ് അധികമില്ല. അനുഭവിപ്പിക്കുന്ന സാഹിത്യം കാലത്തെ മറികടന്നു ജീവിക്കും എന്നു ഞാൻ വിശ്വസിക്കുന്നു" എന്ന് ഉറൂബ്.

'മിണ്ടാപ്പെണ്ണ്' ആരംഭിക്കുന്നത് തറവാടിന്റെ ചിത്രത്തൂണുകൾ പൊളിച്ചു കളഞ്ഞ് വീട് 'പുതുക്കിപ്പണിയുന്ന' തീരുമാനം കേട്ട് തീരെ 'വിലകുറഞ്ഞ' ഒരാളുടെ സങ്കടത്തിലാണ്. ചിതലരിക്കുന്ന നാലുകെട്ടുകളെക്കുറിച്ച് എം.ടി. എഴുതുന്ന അതേ കാലത്തിൽത്തന്നെ. 'അച്ഛൻ ദാ വരുന്നു' എന്ന് മക്കത്തായത്തെ പ്രതീക്ഷയോടെ കേരളത്തിലെ നായർ തറവാടുകൾ സ്വീകരിക്കാനൊരുങ്ങിയ കാലം. നിലവിലെ ചിതലെടുത്ത സമ്പ്രദായങ്ങളെ പടിയടച്ചു പുറത്താക്കുകയല്ല, അതിൽ നിന്നെല്ലാം സ്വയം പുറത്തു പോകുക എന്ന നയമാണ് സർഗാത്മക സാഹിത്യത്തിൽ ആ തലമുറ സ്വീകരിച്ചത്. "പുറത്തു പോ" എന്ന ശാസന കേട്ടോ കേൾക്കാതെയോ ലോകത്തിന്റെ അറ്റങ്ങളിലേക്ക് ഓടിപ്പോയത് മജീദ് മാത്രമായിരുന്നില്ല. ഗോവിന്ദൻ കുട്ടി, സേതു എന്നിങ്ങനെ ആ നിര നീളുന്നു. ഇവർക്കു പിന്നിൽ വിസ്മൃതിയിലായ നാലുകെട്ടുകൾ, പുഴ, നെൽപ്പാടങ്ങൾ എന്നിവയെല്ലാം പ്രതിനിധാനം ചെയ്ത സാമൂഹ്യപാഠങ്ങൾ നിരവധിയാണ്. ഇവയെല്ലാം പിറകിലുപേക്ഷിക്കുമ്പോൾ മുൻപിൽ കാണുന്ന, എത്തിപ്പിടിക്കാൻ ശ്രമിച്ച, കൈയടക്കിയ; പകരം കാര്യങ്ങളെ മുതലാളിത്തം, നാണ്യവിളയിലധിഷ്ഠിതമായ ധനതത്ത്വശാസ്ത്രം, ജീവിതക്രമങ്ങളിലെ പരിഷ്കൃതി എന്നിങ്ങനെ വായിച്ചെടുക്കാവുന്നതാണ്. ഇവയെ തമ്മിൽ താരതമ്യം ചെയ്യുന്നതിൽ ഫലങ്ങളൊന്നുമില്ല. ചലനം, പരിഷ്കൃതി തന്നെയാണ് കാലത്തിനു സമ്മതമായിട്ടുള്ളത്. എന്നാൽ കാലത്തിന്റെ മനസ്സാക്ഷിയോട് ചേർന്നു നിന്ന് മർദിത വിഭാഗത്തെ അതിശയകരമായി അഭിസംബോധന ചെയ്യുമ്പോൾത്തന്നെ ചീവിടുകളുടെ ഗാനം കൂടി ചേർക്കാൻ, നെഞ്ചുകീറി നേരിനെക്കാട്ടാൻ ആർജവമുള്ള അപൂർവം ചിലർക്കു മാത്രമേ സാധ്യമാകൂ. കൊത്തുപണികൾ നിറഞ്ഞതെങ്കിലും പൊടിപിടിച്ച, മാറാല കെട്ടിയ ഇരുട്ടു നിറഞ്ഞ മച്ചുകൾക്കു പകരം വെളിച്ചം കടക്കുന്ന പൂമുഖം, കൃഷിക്കു പകരം മരക്കച്ചവടം, തുളസിക്കതിർ, പുളിയിലക്കരമുണ്ട്, ലജ്ജാവിവശ എന്നീ അടയാളങ്ങളിൽ നിന്നു പുറത്തു കടന്ന 'ആനക്കുട്ടികളെ വിരലിന്നിടുക്കിൽ വച്ച് അടയ്ക്ക കൊണ്ട് പന്താടാൻ കഴിവുള്ള' സ്ത്രീ മാതൃകകൾ എന്നിങ്ങനെ പരിഷ്കാരങ്ങളെ മിണ്ടാപ്പെണ്ണും പരിചയപ്പെടുത്തുന്നുണ്ട്. എങ്കിലും ഇവയിലെ വിപരീതങ്ങളിലെ നന്മകൾ ചവുട്ടിത്തേക്കാൻ പാകത്തിലത്രയും അഭിശപ്തങ്ങളല്ല എന്നുകൂടി ഓർമിപ്പിക്കുന്നു എന്നിടത്താണ്, ആ കാലത്തോട് ചേർന്നു നിന്ന ഇതര നാലുകെട്ട് കഥകളിൽ നിന്ന് 'മിണ്ടാപ്പെണ്ണ്' വ്യത്യസ്തമാകുന്നത്.

കാലത്തിന്റെ സംക്രമണസ്വഭാവങ്ങളെ വളരെ കൃത്യതയോടെത്തന്നെയാണ് നോവൽ അനുധാവനം ചെയ്യുന്നത്. ഈ നോവലിൽ ഓരോ കഥാപാത്രത്തെയും എഴുത്തുകാലത്തിന്റെ പ്രതിനിധിയാക്കു



ഉറൂബ്, ദേവ്, തകഴി

ന്നതിനു സാധിച്ചിട്ടുണ്ട്. പൊതുവെ പ്രസാദാത്മകമായ ഒരന്തരീക്ഷമാണ് ഈ നോവലിലുള്ളത്. മനുഷ്യന്റെ ഭാവിയിലുള്ള, നല്ല മനസ്സിലുള്ള ഉടയാത്ത വിശ്വാസമാണ് ആ അന്തരീക്ഷസൃഷ്ടിയുടെ ചാലകശക്തി. ഇങ്ങനെ ഒരു അന്തരീക്ഷം വളർത്തിയെടുക്കാവുന്ന അനുകൂല പരിസ്ഥിതി അന്നുണ്ടായിരുന്നുവെന്ന് ഉറൂബ് തന്നെ വിശദീകരിക്കുന്നുണ്ട്. നവോത്ഥാനം കേരളത്തിലുണ്ടാക്കിയ ഉണർവുകൾക്കു ശേഷമുണ്ടായ ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളും ഗാന്ധിയൻ ആദർശങ്ങളും റഷ്യൻ വിപ്ലവം ഉണ്ടാക്കിയ അനുരണനങ്ങളുമാണ് ഈ അവസ്ഥകൾ. അവ ഈ നോവൽ കഥാഘടനയിലും കഥാപാത്രങ്ങളിലും സന്നിവേശിപ്പിച്ചിട്ടുണ്ട്.

പ്രണയം, അതിന് തടസമാകുന്ന രക്ഷകർത്താക്കൾ..... ഇതെല്ലാം 'ഇന്ദുലേഖ'യിൽ നിന്നാരംഭിക്കുന്ന ഇതിവൃത്തഘടന തന്നെയാണ്. ഉറൂബ് ഈ നോവലെഴുതുമ്പോൾ സാഹിത്യത്തിൽ ചാത്തൻ പുലയൻ സാവിത്രിയെയും സാമൂഹ്യജീവിതത്തിൽ എം. ആർ.ബി. ഒരു വിധവയെയും സ്വീകരിച്ചു കഴിഞ്ഞിരുന്നു. എന്നിട്ടും ഇതിലെ നായകകഥാപാത്രം തന്റെ സഹപ്രവർത്തകയെ വിവാഹം ചെയ്യാനൊരുങ്ങുമ്പോൾ അച്ഛൻ എതിർക്കുന്നു. അതാകട്ടെ മകന് കിട്ടാൻ സാധ്യതയുള്ള ഇതര പ്രതാപ ഐശ്വര്യങ്ങളുമായി തുലനപ്പെടുത്തുന്നതുകൊണ്ടാണ്. ചന്ദ്രനിഷ്ടപ്പെടുന്ന പെൺകുട്ടിയുടെ ജാതി/ കുടുംബ പശ്ചാത്തലങ്ങൾ ചർച്ചയിലെവിടെയും വരുന്നില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധാർഹമാണ്. മരുമക്കത്തായത്തിന്റെ തിക്തതകൾ അനുഭവിച്ചതിനുശേഷം സ്വപരിശ്രമം കൊണ്ട്, നഷ്ടമായതൊക്കെ വാശിയോടെ തിരിച്ചുപിടിച്ച കുഞ്ഞിക്കേളുമേനോൻ എന്ന അച്ഛന് അങ്ങനെ മാത്രമേ പ്രതികരിക്കാനാകൂ. അദ്ദേഹം അക്കാലത്തെ ഒരു മധ്യവർഗ നായർ പ്രമാണി സമൂഹത്തെ കൃത്യമായി പ്രതിനിധീകരിക്കുന്നു. ഫ്യൂഡലിസത്തിന്റെ തകർച്ചയിൽ പരിക്കുപറ്റിയവർ എങ്ങനെയാണ് കൊളോണിയലിസം രൂപപ്പെടുത്തിയ നവ സാമ്പത്തിക നീതിശാസ്ത്രത്തിന്റെ ഇടപെടലുകൾക്കു വിധേയരാകുന്നത് എന്ന് ഈ കഥാപാത്രത്തിലൂടെ സൂചിപ്പിക്കപ്പെടുന്നു.

അതേ കാലത്തിൽത്തന്നെ ഉറൂബ് സാക്ഷ്യപ്പെടുത്തുന്ന ആദർശങ്ങൾ; ഗാന്ധിസത്തിന്റെ ലാളിത്യവും റഷ്യൻ വിപ്ലവം ഉണ്ടാക്കിയെടുത്ത സോഷ്യലിസ്റ്റ് സ്വപ്നങ്ങളും എങ്ങനെ യുവത്വത്തിന്റെ പാരമ്പര്യ ജീർണതകളെയും ഭൗതിക സാമ്പത്തിക രീതികളെയും ചെറുത്തുനിൽക്കാനുള്ള ഊർജമാകുന്നു എന്ന് നായികാനായകന്മാരുടെ പിണക്കത്തിനു ശേഷമുള്ള സന്ധി സംഭാഷണമെന്നും വെളിപ്പെടുത്തുന്നു. തറവാട്ടു മഹിമ ഓർക്കാതിരിക്കാം എന്നു സമ്മതിക്കുന്ന ചന്ദ്രൻ; വീണ്ടും അതു മാത്രം പോരാ തറവാട്ടു സ്വത്തിലും അച്ഛന്റെ സ്വത്തിലും അവകാശമില്ലെന്ന് എഴുതി ഒപ്പിട്ടു കൊടുക്കാമോ എന്ന് ഭർത്താവിനോട് ചോദിക്കുന്ന കമലം- പാരമ്പര്യത്തെ, പൈതൃക സ്വത്തിനെ അധ്വാനം കൊണ്ട് നിരാകരിക്കുന്ന ആദർശത്തിന്റെ പ്രതീകങ്ങളാകുന്നു ഇവർ.

മിണ്ടാപ്പെണ്ണായ കുഞ്ഞിലക്ഷ്മി ഉറൂബ് നൽകിയ സവിശേഷ ഗുണങ്ങളോടു കൂടിയവളാണ്. താൻ കണ്ടു പരിചയിച്ച മാതൃകയാണ് ഈ നായിക എന്ന് ഉറൂബ് പറയു

47